
നിലപാട്/പരിചയം

**പരിസ്ഥിതിയും വികസനവും നിരന്തരം വിവാദമാകുന്ന വിഷയങ്ങളാണ്. എന്നാൽ സാമ്പത്തിക പഠനങ്ങളിൽ വരേണ്ട കാഴ്ചപ്പാടിലെ മാറ്റം സാമൂഹ്യ പ്രവർത്തകരെങ്കിലും അറിയാൻ ശ്രമിക്കേണ്ടേ. ഇക്കോളജിക്കൽ ഇക്കണോമിക്സ് പഠനത്തിലേയ്ക്ക് ഒരാമുഖം.**



# പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന് ഒരു തിരുത്ത്

തോംസൺ കെ. അലക്സ്

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യദശകം ആഗോളീകരണ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ചർച്ചകളുടേതായിരുന്നു. ഈ ദശകമാകട്ടെ ആഗോളീകരണ, ഉദാരീകരണനയങ്ങൾ ചെറുതും വലുതുമായ ദേശരാഷ്ട്രങ്ങളുടെ സമ്പദ്ഘടനയെ എങ്ങനെ പുനർനിർണ്ണയിക്കുന്നു എന്ന അന്വേഷണവുമായാണ് മുന്നോട്ടുപോകുന്നത്. വികസനത്തെ മുൻനിർത്തിയുള്ള ചർച്ചകളിലും നയങ്ങളിലും ഈ പുത്തൻ സാമ്പത്തികനയങ്ങൾക്കുതന്നെയാണ് മുൻതൂക്കം. അവ സാമ്പത്തികവളർച്ചയെ വികസനത്തിന്റെ തോതായി നിർവചിക്കാൻ ശ്രമിക്കുന്നു എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. സാമ്പത്തികവളർച്ചയെയും വികസനത്തെയും വ്യവച്ഛേദിച്ചു പഠിക്കേണ്ടതും അളക്കപ്പെടേണ്ടതും ആണെന്നുള്ള സുസ്ഥാപിതാചാര സാമ്പത്തികശാസ്ത്രജ്ഞരുടെയും ക്ഷേമ സമ്പദ്ശാസ്ത്രജ്ഞരുടെയും വാദഗതികൾക്ക് കമ്പോള സമ്പദ്‌വ്യവസ്ഥയുടെ ഇക്കാലത്ത് പ്രാമുഖ്യം ലഭിക്കുന്നില്ല. സാമ്പത്തികവളർച്ച, വികസനം എന്നിവയെ സാമ്പത്തികശാസ്ത്രത്തിൽ പലപ്പോഴും ഒരേ രീതിയിലോ അല്ലെങ്കിൽ ഒരു നാണയത്തിന്റെ തന്നെ ഇരുവശങ്ങളായോ ആണ് സങ്കല്പിക്കുന്നത്. വികസനം സാമ്പത്തികവളർച്ച മാത്രമല്ല എന്നും അതോടൊപ്പം സമൂഹത്തിന്റെ ചലനാത്മകതയെയും ജൈവതയേയും മാനുഷികബന്ധങ്ങളിലെ ഊഷ്മളതയെയും കണക്കിലെടുക്കണമെന്നും വികസന സാമ്പത്തികശാസ്ത്രജ്ഞർ ഓർമ്മിപ്പിക്കുന്നുമുണ്ട്. എന്നിരുന്നാലും, സാമ്പത്തിക വളർച്ചതന്നെയാണ് ഏതു ദേശരാഷ്ട്രത്തിന്റെയും ആത്യന്തിക ലക്ഷ്യം എന്ന് നാം കണ്ടുകൊണ്ടിരിക്കുന്നു. സാമ്പത്തിക വികസനം, സാമ്പത്തിക വളർച്ചയെ പിൻപറ്റിക്കൊള്ളും എന്നുള്ള വാദഗതികൾക്ക് മുതലാളിത്തം കൂടുതൽ ഊന്നൽ നൽകുകയും ചെയ്യുന്നതോടുകൂടി സമഗ്ര സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക സങ്കല്പങ്ങൾക്ക് സാമ്പത്തിക ശാസ്ത്ര ചിന്താസരണിയിലും രാഷ്ട്രീയ-സാമൂഹ്യ വ്യവസ്ഥയിലും ഇടം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന്റെ കടന്നുവരവ് വികസന ചർച്ചകളെ മുൻപെന്നതിനേക്കാൾ കൂടുതൽ കർക്കശവും ശക്തവും ആക്കിത്തീർക്കുന്നു. വികസനം, പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, സാമ്പത്തിക നയങ്ങൾ തുടങ്ങിയവ തമ്മിലുള്ള അലിഖിത ബന്ധത്തെ നിർവചിക്കാൻ സാമ്പത്തിക ശാസ്ത്രജ്ഞർ (പ്രത്യേകിച്ചും നിയോക്ലാസിക്കുകൾ) കൈകാര്യം ചെയ്യുന്ന പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിനാവുന്നുണ്ടോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ശാസ്ത്രീയവും, സൈദ്ധാന്തികവും പരിമാണതോതുകൾക്ക് അയത്നവും എന്നവകാശപ്പെടുന്ന പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന് ജൈവസാമൂഹ്യ ബന്ധങ്ങളുടെ ധാർമ്മികതകൊണ്ട് ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ്.

### ഇക്കോളജിക്കൽ/എൻവയോൺമെന്റൽ ഇക്കണോമിക്സ്

ഇക്കോളജി, ഇക്കണോമിക്സ് എന്നീ വാക്കുകൾക്ക് ഗ്രീക്കുപദമായ ഒയ്ക്കോസിൽ നിന്നാണ് ഉടലെടുക്കുന്നത്. വാസസ്ഥലത്തെപറ്റിയുള്ള പഠനം എന്നാണ് ഇതിനർത്ഥം. ഇവിടെ 'Eco' എന്നത് വാസസ്ഥലത്തെയും 'logy' പഠനത്തെയും പ്രതിനിധീകരിക്കുന്നു. -nomy ഭരണം, കാര്യവിചാരം എന്നീ അർത്ഥങ്ങളെയാണ് വിവക്ഷിക്കുന്നത്. ചുരുക്കത്തിൽ 'ഇക്കോളജി' നാം അധിവസിക്കുന്ന പ്രകൃതിയെപ്പറ്റിയുള്ള പഠനവും മനസ്സിലാക്കലുമാണ്. ഇക്കണോമിക്സ് എന്നത് അതിന്റെ ഭരണം നടത്തിപ്പ് തുടങ്ങിയവയുമാണ് അർത്ഥമാക്കുന്നത്. 'Environmental' എന്ന പദമാകട്ടെ കൂടുതൽ മനുഷ്യകേന്ദ്രീകൃത സ്വഭാവമുള്ളതും അതിനെ അടിസ്ഥാനമാക്കി പ്രകൃതിയെ പഠിക്കാനുമുള്ള ശ്രമമാണ്. പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിൽ ഈ രണ്ടു ചിന്താസരണികളും ഇക്കോളജിക്കൽ ഇക്കണോമിക്സ്, എൻവയോൺമെന്റൽ ഇക്കണോമിക്സ് എന്നിങ്ങനെ രണ്ടു പഠനശാഖകൾക്ക് വഴിതുറന്നു. ഇവ രണ്ടും മനുഷ്യകേന്ദ്രീകൃത പരിസ്ഥിതി-പഠന വിശകലന രീതിയാണ് പിൻപറ്റുന്നത്. എൻവയോൺമെന്റൽ ഇക്കണോമിക്സ് സാമ്പത്തികശാസ്ത്ര

ത്തിന്റെ മതിൽക്കെട്ടിനുള്ളിൽനിന്നുകൊണ്ട് പരിസ്ഥിതിയെ പഠനവിധേയമാക്കുമ്പോൾ ഇക്കോളജിക്കൽ ഇക്കണോമിക്സ് പ്രകൃതിയെ അടിസ്ഥാനമാക്കി സാമ്പത്തികശാസ്ത്ര വിശകലനങ്ങൾക്കും പഠനങ്ങൾക്കും മുതിരുന്നു.

ഇൻവയോൺമെന്റൽ ഇക്കണോമിക്സ്, നിയോക്ലാസിക്കൽ (ഗണിതശാസ്ത്രവിശകലന രീതികൾ തുടരുന്ന) സാമ്പത്തികശാസ്ത്ര ചിന്താപദ്ധതിയുടെ ഭാഗവും പ്രയോക്താവുമാണ്. പരമ്പരാഗത സാമ്പത്തികശാസ്ത്രജ്ഞർ മുന്നോട്ടുവെച്ച വില, ചോദനം, പ്രദാനം, ഉത്പാദനം, ഉപഭോഗം, വിതരണം തുടങ്ങിയവയുടെ പരിമാണപരമായ പ്രശ്നപരിഹാരമാണ് നിയോക്ലാസിക്കുകൾ തുടർന്നുപോരുന്നത്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക പ്രശ്നങ്ങൾ ആഗോളതലത്തിൽ ചർച്ചാവിഷയമായതോടുകൂടി കമ്പോളത്തിനനുസൃതമായ പ്രശ്നവ്യാഖ്യാനവും നയസമീപനവും ഇൻവയോൺമെന്റൽ ഇക്കണോമിസ്റ്റുകൾ കൈക്കൊണ്ടു. അതിനുപയുക്തമായ സാമ്പത്തിക ശാസ്ത്രവിശകലന ഉപാധികളും അതോടൊപ്പം ഉരുത്തിരിഞ്ഞു. (Cost-Benefit analysis, externality theories, green accounting, environmental impact assessment തുടങ്ങിയവ ഉദാഹരണങ്ങളാണ്). പ്രകൃതിയെ ഉത്പാദന ഘടകമായി കണ്ടുകൊണ്ട് പ്രകൃതി വിഭവങ്ങൾക്ക് മൂല്യനിർണ്ണയം നടത്തുവാൻ ഇത് സാമ്പത്തികശാസ്ത്രജ്ഞരെയും ഭരണാധികാരികളെയും പ്രേരിപ്പിച്ചു. മൂലധനനിക്ഷേപം എന്തിന്റെ അടിസ്ഥാനത്തിലാവണമെന്നും ഉല്പാദകന്റെ ഭാഗത്തുനിന്നും മലിനീകരണം സംഭവിച്ചാൽ അത് ഏതു തരത്തിൽ നിർദ്ധാരണം ചെയ്യണമെന്നും പ്രകൃതി വിഭവങ്ങൾക്ക് എങ്ങനെ മൂല്യനിർണ്ണയം നടത്തണമെന്നും ഒക്കെ ശാസ്ത്രീയമായി (ഗണിതശാസ്ത്രയുക്തികൾ വഴി) സമർത്ഥിക്കാൻ നിയോക്ലാസിക്കൽ ചിന്താപദ്ധതിയുടെ ഉള്ളിൽനിന്നുകൊണ്ട് ഇൻവയോൺമെന്റൽ ഇക്കണോമിസ്റ്റുകൾക്ക് കഴിഞ്ഞു. പ്രകൃതി എന്ന സംജ്ഞയിൽനിന്നകന്ന് ഉല്പാദകനും, ഉപഭോക്താവും കമ്പോളവും എങ്ങനെ പ്രകൃതി വിഭവങ്ങളുടെ മൂല്യത്തെ മനസ്സിലാക്കണം എന്നുള്ള പഠിപ്പിക്കലായി ഇൻവയോൺമെന്റൽ ഇക്കണോമിക്സ് മാറി. ഇവിടെ ഏതു ദുർലഭ പ്രകൃതിവിഭവവും ഒരു സാമ്പത്തികശാസ്ത്രാടിസ്ഥാന-വിതരണം ആവശ്യപ്പെടുന്നു എന്നുകൂടി സമർത്ഥിക്കാൻ ഈ സാമ്പത്തികശാസ്ത്രജ്ഞർ ശ്രമിക്കുന്നു. കാരണം സാമ്പത്തികശാസ്ത്രം നിർദ്ധാരണം ചെയ്യുന്നത്, ദുർലഭ വിഭവങ്ങളുടെ ഉല്പാദന, വിതരണ, ഉപഭോക്തൃ പ്രശ്നങ്ങളെയാണല്ലോ? ഉപഭോക്താവിനും, ഉല്പാദകനും അവന്റെ യുക്തിയുക്തതയ്ക്കും കാര്യക്ഷമതക്കുമാണ് നിയോക്ലാസിക്കൽ ഇക്കണോമിസ്റ്റുകൾ ഊന്നൽ നൽകുന്നത്. ഉപഭോക്താവിന്റെ വിവേകപൂർണ്ണമായ ഇടപെടൽ എന്നത് എങ്ങനെ കൂടുതൽ സംതൃപ്തി ഓരോ ഉല്പന്നത്തിൽനിന്നും സ്വായത്തമാക്കാം എന്നുള്ളതാണ്. ഉല്പാദകനാകട്ടെ കൂടുതൽ ലാഭം എങ്ങനെ നേടാം എന്നതാണ് അന്വേഷിക്കുന്നത്. ഇത്തരത്തിൽ പരസ്പരം മാത്സര്യബുദ്ധിയോടുകൂടി പെരുമാറുന്ന ഒരു കമ്പോളത്തിൽ ചോദനവും പ്രദാനവുമാണ് ഒരു ഉത്പന്നത്തിന്റെ വില നിർണ്ണയിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ മേലും ഇത്തരത്തിലുള്ള ഒരു പ്രശ്നപരിഹാരമാണ് എൻവയോൺമെന്റൽ ഇക്കണോമിസ്റ്റുകൾ നിർദ്ദേശിക്കുന്നത്. ചുരുക്കത്തിൽ നിയോക്ലാസിക്കൽ ചിന്താഗതിയുള്ള സാമ്പത്തികശാസ്ത്രജ്ഞരുടെ പരിസ്ഥിതിയുടെ മേലുള്ള സാമ്പത്തിക വീക്ഷണമാണ് എൻവയോൺമെന്റൽ ഇക്കണോമിക്സ്.

പരിസ്ഥിതിവാദികളുടെയും, സുസ്ഥാപിതാചാര സാമ്പത്തിക ശാസ്ത്രജ്ഞരുടെയും (പ്രസ്ഥാനങ്ങൾക്കും, രാഷ്ട്രീയനയങ്ങൾക്കും, സാമൂഹ്യ ബന്ധങ്ങൾക്കും സാമ്പത്തിക മേഖലയിൽ സ്വാധീനം ഉണ്ടെന്ന് വിശ്വസിക്കുന്നവർ) പ്രകൃതിവിഭവങ്ങളുടെ വിതരണം, ഉപഭോഗം, ഉത്പാദനം, സംരക്ഷണം, എന്നിവയെ സംബന്ധിച്ചുള്ള പ്രകൃതി കേന്ദ്രീകൃത പഠന സമീപനമാണ് ഇക്കോളജിക്കൽ ഇക്കണോമിക്സ്. ഇതിൽ പ്രകൃതി ഉത്പാദനഘടകം എന്നതിലുപരി ഒരു ആവാസവ്യവസ്ഥിതിയും, പ്രശ്നവിഷയവും ആണ്. ഇവിടെ ഉല്പാദകന്റെയും ഉപഭോക്താവിന്റെയും യുക്തിയുക്തതയും കാര്യക്ഷമതയും ജൈവ-സാമൂഹ്യ-രാഷ്ട്രീയ ഘടകങ്ങൾക്ക് പുറത്താണ്. പൗരബോധമുള്ള ഉപഭോക്താവിനെയും ഉല്പാദകനെയുമാണ് ഇക്കോളജിക്കൽ ഇക്കണോമിക്സ് ലക്ഷ്യമാക്കുന്നത്. സുസ്ഥിര വികസന സങ്കല്പങ്ങൾക്ക് ഒപ്പം ഉടലെടുത്ത ഇക്കോളജിക്കൽ ഇക്കണോമിക്സിന് സാധാരണ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് (കമ്പോള കേന്ദ്രീകൃത) അപ്പുറം പ്രകൃതിയെയും സാമൂഹ്യ രാഷ്ട്രീയ വികസന പ്രശ്നങ്ങളെയും സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം തേടേണ്ടതുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മൂലധനം എന്നത് പണം മാത്രമല്ല എന്നും സംസ്കാരവും രാഷ്ട്രീയവും ജൈവ-സാമൂഹ്യബന്ധങ്ങളും മൂലധനത്തിനൊപ്പം പഠനവിധേയമാക്കേണ്ടതാണെന്നും ഇക്കോളജിക്കൽ ഇക്കണോമിസ്റ്റുകൾ വാദിക്കുന്നു. പരിമാണയുക്തികൾക്കും ഗണിതശാസ്ത്ര പ്രശ്നനിർദ്ധാരണങ്ങൾക്കും പുറമെ പ്രകൃതിയുടെ നിലനിൽപ്പ്, പ്രകൃതിവിഭവങ്ങലെ ആശ്രയിച്ചു ജീവിക്കുന്ന ജനതയുടെ പ്രശ്നങ്ങൾ, ആരോഗ്യകരമായ സാമൂഹ്യ-രാഷ്ട്രീയ ബന്ധങ്ങൾ എന്നിങ്ങനെയുള്ള ബഹുതല പ്രശ്നങ്ങളെയാണ് ജൈവകേന്ദ്രീകൃത പഠനപ്രവർത്തനം എന്ന നിലയിൽ ഇക്കോളജിക്കൽ ഇക്കണോമിക്സ് അഭിമുഖീകരിക്കുന്നത്.

### പരിസ്ഥിതി സാമ്പത്തികശാസ്ത്രവും ധാർമ്മികതയും

ഏതു പ്രത്യയശാസ്ത്രവും കാലാകാലങ്ങളിലായി അതിന്റെ സാമൂഹ്യ ധാർമ്മികതയെപ്പറ്റി നീതീകരണം നടത്താറുണ്ട്. പഠനരീതികൾക്കും താത്വികവശങ്ങൾക്കും അപ്പുറം പരിസ്ഥിതി സാമ്പത്തികശാസ്ത്രം ഒരു പ്രത്യയശാസ്ത്ര സ്വഭാവമാണ് പുലർത്തേണ്ടത്. കാരണം അത് വിവക്ഷിക്കപ്പെടുന്നത് പ്രകൃതി കേന്ദ്രീകൃത - സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളുടെ പഠനം എന്ന നിലയിലാണ്. വളരെ സങ്കീർണ്ണമായ രാഷ്ട്രീയ-സാമൂഹ്യ പരിസ്ഥിതിയിൽ പല ശരികളിൽനിന്നും ഒരു ശരി കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ് ധാർമ്മികതാ പ്രശ്നം ഉടലെ

ടുക്കുന്നത്. സാമ്പത്തിക നയരൂപീകരണത്തിൽ രാഷ്ട്രീയ സ്വാധീനം പാടില്ല (ഇതൊരു ധാർമ്മികതാപ്രശ്നമാണ്) എന്നു പറയുംപോലെ നിരർത്ഥകമായ ഒരു പ്രശ്ന തല മാണ് സാമ്പത്തികശാസ്ത്രത്തിൽനിന്നും പരിസ്ഥിതി സങ്കല്പങ്ങൾ പുറംതള്ളപ്പെടുമ്പോൾ സൃഷ്ടിക്കപ്പെടു ന്നത്. നമുക്ക് മുന്നിലുള്ള ഈ രണ്ടു പരിസ്ഥിതി സാമ്പ ത്തികശാസ്ത്രസങ്കല്പങ്ങളിൽ (ഇക്കളോജിക്കൽ/ഇൻവ യോൺമെന്റൽ) ഏതാണ് ധാർമ്മികതാ പ്രശ്നങ്ങൾക്ക് കൂടുതൽ ശരിയായ ഉത്തരം കണ്ടെത്തുന്നത് എന്നതാണ് ഇവിടെ പ്രശ്നം. ശാസ്ത്രീയവും പരിമാണ യുക്തിക്ക നുസൃതവും ഗണിതശാസ്ത്രപ്രശ്ന നിർദ്ധാരണ ഉപാ ധികൾ ഉള്ളതുമായ ഇൻവയോൺമെന്റൽ ഇക്കണോമി ക്സിനെക്കാൾ എന്തുകൊണ്ടും സാമൂഹ്യ-രാഷ്ട്രീയ-പരിസ്ഥിതി ബന്ധങ്ങളെ പൗരബോധത്തോടെ സമീപി ക്കുന്ന ഇക്കോളജിക്കൽ ഇക്കണോമിക്സാണ് കൂടുതൽ 'ശരി' എന്നു കരുതുന്നതിൽ തെറ്റില്ല. ശരികൾ എപ്പോഴും ആപേക്ഷികമാണ് എന്നൊരു താത്വിക വശം ഇവിടെ നിലനിൽക്കുന്നുമുണ്ട്. ആത്യന്തികമായുള്ളത് 'സത്യം' മാത്രമാണ്. 'ശരികളാവട്ടെ സാമ്പത്തികശാസ്ത്ര സങ്ക ല്പങ്ങളായ സാമ്പത്തിക വളർച്ച, വികസനം, സുസ്ഥി രത തുടങ്ങിയ ദേശരാഷ്ട്രത്തിന്റെ സാമ്പത്തികലക്ഷ്യ ങ്ങളെ മുൻനിർത്തിയാണ് നിർവചിക്കുന്നത്. ലക്ഷ്യം മാറു മ്പോൾ പുതിയ ശരികൾ ഉണ്ടാവുകയും ചെയ്യുന്നു. ജൈവകേന്ദ്രീകൃതമായ സാമൂഹ്യ-രാഷ്ട്രീയ-സാമ്പ ത്തിക ഇടപെടലുകളാണ് മനുഷ്യകേന്ദ്രീകൃതമായവ യിൽനിന്നും കൂടുതൽ സുസ്ഥിരമെന്ന് പഠനങ്ങൾ തെളി യിക്കുന്നു. അതുകൊണ്ടുതന്നെ ആസന്നവും ഭീതിജന കവുമായ പ്രകൃതി പ്രതിഭാസങ്ങൾക്ക് (മരുവത്കരണം, ആഗോളതാപനം, വരൾച്ച മുതലായവ) സാമ്പത്തികശാ സ്ത്രത്തിനുള്ളിൽ നിന്നുകൊണ്ട് ജൈവകേന്ദ്രീകൃത മറു പടി അനിവാര്യമാണ്. എല്ലാ പാരിസ്ഥിതിക പ്രശ്ന ങ്ങൾക്കും കാരണം പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രി തമായ ചൂഷണവും, മലിനീകരണവും, നീതിയുക്തമ ല്ലാത്ത ഉപഭോഗവും പാഴാക്കലുമാണ്. ഇവയ്ക്ക് നീതീ കരണം നൽകുന്നത് ദേശരാഷ്ട്രത്തിന്റെ സാമ്പത്തിക മേൽക്കോയ്മ, സുസ്ഥിരത, തൊഴിലവസരങ്ങൾ, സാമ്പ ത്തിക വികസനം, വരൾച്ച, തുടങ്ങിയ ആപേക്ഷികവും അർദ്ധസത്യങ്ങളുമായ ചിഹ്നങ്ങളിലൂടെയാണ്. എല്ലാ വികസിത രാജ്യങ്ങളും പ്രകൃതി ചൂഷണത്തിന് ഇത്തരം നീതീകരണം നൽകിയിട്ടുണ്ട്. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ കാർബൺ പുറംതള്ളുന്നത് വ്യവസായിക വിക സിത രാജ്യങ്ങളും സാമ്പത്തിക വളർച്ചാനിരക്കിൽ മുന്നി ട്ടുനിൽക്കുന്ന വികസ്വരരാഷ്ട്രങ്ങളുമാണ് (ഇന്ത്യ ഉൾപ്പെ ടെ). സാമ്പത്തിക മുന്നേറ്റം എന്നാണ് ഇതിന് നീതികര ണം. അതുകൊണ്ടുതന്നെ പ്രകൃതിക്ഷോഭങ്ങളുടെയും പരിസ്ഥിതി പ്രശ്നങ്ങളുടെയും ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാമ്പത്തികശാസ്ത്രത്തിനു കഴിയണം. സാമ്പത്തികശാസ്ത്ര വിശകലനരീതികളെ ഉപയോഗിച്ച് ഇവയ്ക്ക് ഉത്തരം നൽകാൻ ഇക്കോളജിക്കൽ/ഇൻവ യോൺമെന്റൽ ഇക്കണോമിസ്റ്റുകൾക്ക് കഴിയില്ല.

പണശാസ്ത്രത്തിനപ്പുറം സാമ്പത്തികശാസ്ത്രം പൗര ന്റെയും പ്രകൃതിയുടെയും ആവശ്യം എന്തെന്നു മനസ്സി ലാക്കി അതിനനുസൃതമായ ഒരു പ്രത്യയശാസ്ത്രപരമായ സമീപനമാണ് സ്വീകരിക്കേണ്ടത്. Maximising-Minimising അജണ്ടകൾ മാറ്റിനിർത്തി വികസനത്തെ പ്രകൃതിയുടെ പരിപാലനമെന്നും അപനിർമ്മിക്കപ്പെട്ടവരുടെ പുനർനിർമ്മാണമെന്നും മാനവികതയുടെ ഹരിതവൽക്ക രണമെന്നുള്ള കൂടുതൽ വ്യാപ്തമായ അർത്ഥത്തിൽ മന സ്സിലാക്കുമ്പോൾ മാത്രമാണ് സുസ്ഥിര വികസനം സാദ്ധ്യമാകുന്നത്. ഇവിടെ ആത്യന്തികലക്ഷ്യവും സത്യവും ഒന്നായിത്തീരുന്നു. അതിൽ പ്രകൃതി ഒരു ഉപ കരണമോ മാർഗ്ഗമോ അല്ല പകരം മനുഷ്യകേന്ദ്രീകൃത പഠന സങ്കല്പങ്ങൾക്കുപരി ആത്യന്തിക ലക്ഷ്യവും വിഷ യവും ആയിത്തീരുന്നു. കാരണം മനുഷ്യൻ പ്രകൃതി യിലെ ഒരു ഉപഗണം മാത്രമാണ്. അവനെപ്പോലെത്തന്നെ പ്രകൃതിയിലെ എല്ലാ ഘടകങ്ങൾക്കും (ജൈവ-അജൈ വ) സ്വയനിർണ്ണയാവകാശത്തിനുള്ള അവസരം ഉണ്ടാവേ ണ്ടതുണ്ട്. പരിസ്ഥിതി സാമ്പത്തികശാസ്ത്രം ഇത്തരം ഒരു പഠനസംവിധാനം മുന്നോട്ടുവയ്ക്കാൻ ശക്തമാ ണെന്നു കരുതുക വയ്യ. കാരണം, പ്രകൃതിയുമായി ഇഴു കിച്ചേർന്നു ജീവിക്കുന്ന മനുഷ്യൻ, മൃഗസസ്യജാലങ്ങൾ, അജൈവ ഘടകങ്ങളായ ജലം, വായു, മണ്ണ് തുടങ്ങിയ വയുടെ ഭാഗധേയം നിർണ്ണയിക്കാൻ വ്യവസ്ഥാപിത സാമ്പത്തികശാസ്ത്രത്തിന്റെ ഉപാധികൾക്ക് കഴിയില്ല. ഇവിടെ, ഒരു ചിന്താപദ്ധതിയിൽനിന്നും മറ്റൊന്നിലേ ക്കുള്ള മാറ്റമല്ല മറിച്ച് സമഗ്രമായ ഒരു ശാസ്ത്രീയ-ജൈ വ-സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ വീക്ഷണമാണ് ഇന്നിന്റെ ആവശ്യം. പരിസ്ഥിതിവാദികൾക്കും, പ്രകൃതി വിഭവങ്ങളെ ആശ്രയിച്ചുജീവിക്കുന്ന ജനതയ്ക്കും സാമൂഹ്യ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും വില കല്പിക്ക പ്പെടുന്ന ഒരു ഹരിത സാമ്പത്തികശാസ്ത്രമാണ് ഉയർന്നു വരേണ്ടത്. പരസ്പര പൂരകമായി വർത്തിക്കുന്ന മനുഷ്യ -പ്രകൃതി ബന്ധത്തെയാണ് ഹരിതസാമ്പത്തികശാസ്ത്രം പഠനവിധേയമാക്കാൻ ശ്രമിക്കുന്നത്. അവ ചിലപ്പോൾ പരിമാണയുക്തികൾക്ക് നിരക്കാത്തതും സാമ്പത്തികശാ സ്ത്രത്തിന്റെ ബാലപാഠങ്ങൾക്ക് പിടി തരാത്തതും ആയി രിക്കും. പക്ഷേ പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന്റെ ധാർമ്മിക അരക്ഷിതാവസ്ഥയ്ക്ക് ഹരിത സാമ്പത്തിക ശാസ്ത്രമാണ് മറുപടി.

*(എന്താണ് ഹരിത സാമ്പത്തികശാസ്ത്രം. തുടരുന്നു.)*

*കൊച്ചിടിശേരിൽ വീട്, കരിക്കാട്ടൂർ പി.ഒ., കോട്ടയം*


**കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക**

ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്

സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി

മഴ - അറിവ്, അനുഭവം
ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ

കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ